**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2704** **13-12-2022 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. ഈടാക്കാതെയുള്ള പർച്ചയ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് അടക്കമുള്ള സ്ഥാപനങ്ങൾ ജി.എസ്.ടി. ഈടാക്കാതെ സാമഗ്രഹികൾ പർച്ചയ്സ് ചെയ്യുന്ന സാഹചര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | റിവേഴ്സ് ചാർജ് പ്രകാരം നികുതിയടയ്ക്കേണ്ട ചുരുക്കം ചില സാഹചര്യങ്ങളിൽ ഒഴികെ സാധന സാമഗ്രികൾ വിൽക്കുമ്പോൾ, വിൽക്കുന്ന വ്യക്തിയാണ് ജി എസ് ടി ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടത്. നികുതി അടയ്ക്കേണ്ട സാധന സേവനങ്ങൾക്ക് നികുതി അടയ്ക്കാനുള്ള ബാധ്യത പൊതുവെ സാധന സേവനങ്ങളുടെ സപ്ലയർ നു ആണ്. സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് സ്കൂട്ടിനി, ഓഡിറ്റ് എന്നിവയിലൂടെ ടാക്സ് പെയേഴ്സ് നികുതി അടച്ചത് കൃത്യമാണെന്ന് ഉറപ്പ് വരുത്താറുണ്ട്. ടാക്സ് പെയേഴ്സ് നികുതി ഈടാക്കാതെ സാമഗ്രികൾ വാങ്ങുന്നതും വില്പന നടത്തുന്നതും കണ്ടെത്തി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | സ്റ്റെപ്പ് ഓയിൽ ഫീൽഡ് ആന്റ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. എന്ന സ്ഥാപനത്തിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ N 95 മാസ്ക് പർച്ചേസിൽ ജി.എസ്.ടി. ഈടാക്കിട്ടിട്ടില്ല എന്ന സംഭവത്തിൽ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം അന്വേഷണം നടത്താൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | **സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് വിഷയം പരിശോധിച്ചു വരുന്നു. ജി.എസ്.ടി. ഈടാക്കാതെ വില്പന നടത്തുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ അന്വേഷണം നടത്തി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നടപടി സ്വീകരിക്കാറുണ്ട്** |

സെക്ഷൻ ഓഫീസർ